# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2030 – 11/03/2020 - ലെ മറുപടിക്ക്

### കേന്ദ്രസർക്കാരിന്റെ നടപടികൾ

ചോദ്യം

ശ്രീ.കെ. ദാസൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ ഏതെല്ലാം നടപടികളാണ് സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ബുദ്ധിമുട്ടിലാക്കുന്നത് എന്നറിയിക്കാമോ; അവ ഓരോന്നും വിശദമാക്കാമോ; | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ - ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവ് മൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവു വരാനിടയുണ്ട്. കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതും കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുത്തുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും.<br>2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത് 24,915 കോടി രൂപയാണ്. ഇത് GSDP യുടെ 3 ശതമാനമാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവ സമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ് കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ചിട്ടുള്ള വായ്പ 2019-20 ലെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ഇത് പ്രളയനന്തര |

| | | |
|---|---|---|
| | | പുനർനിർമ്മാണങ്ങളേയും വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പ സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിലനിറുത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. അതേസമയം, രാജ്യത്തെ നിലവിലെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിന് പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കേന്ദ്രസർക്കാരിന്റെ ഈ രീതിയിലുള്ള സമീപനത്തിനെതിരായി സാമ്പത്തിക സുസ്ഥിരതക്കായി ഏതെല്ലാം ബദൽ മാർഗ്ഗങ്ങൾ ആണ് സംസ്ഥാന സർക്കാർ ആലോചിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ? | നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക നിക്ഷേപത്തിനായി വിനിയോഗിക്കുക എന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്.<br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ